www.malankaralibrary.com

ജൂൺ
2022
ലക്കം 5

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ
66 – ാം ഓർമ്മപ്പെരുന്നാൾ

www.malankaralibrary.com

# എഡിറ്റോറിയൽ

## മാലാഖ സദൃശനായ മനുഷ്യൻ



പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ 66-ാം ഓർമ്മതിരുനാൾ സമുചിതമായി നാം ആചരിച്ചുവല്ലോ. പുനരൈക്യത്തിന്റെ സഹശിൽപ്പിയും തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ ഇടയശ്രേഷ്ഠനുമായിരുന്നു വന്ദ്യപിതാവ്.

ക്രിസ്തുവിനൊപ്പം ഇറങ്ങിത്തിരിച്ച ശിഷ്യന്മാരെ പോലെ തന്റെ ആത്മീയ ഇടയനൊപ്പം കത്തോലിക്കാ തിരുസഭയിൽ തിരികെ എത്തുക എന്ന ആഗ്രഹവുമായി ദൈവദാസൻ ഗീവർഗീസ് മാർ ഈവാനിയോസ് പിതാവിനോടൊപ്പം ഇറങ്ങി തിരിച്ച വന്ദ്യതാതൻ. തെയോഫിലോസ് എന്ന വാക്കിനർത്ഥം ദൈവഭക്തൻ എന്നാണ്.

ബഥനിയുടെ ആദ്യ ഗുരുവായിരുന്നു പിതാവ്. എം.ഡി. സ്കൂളിൽ നിന്നും മാർ ഈവാനിയോസ് പിതാവിനോടൊപ്പം പഠനത്തിനായി സെറാമ്പൂരിലേക്ക് ഒപ്പം നടന്ന ഇടയശ്രേഷ്ഠൻ, പിന്നീട് മാർ ഈവാനിയോസ് പിതാവ് സെറാംമ്പൂരിലെ ജോലി ഉപേക്ഷിച്ച് തിരികെ ബഥനി എന്ന സ്വപ്നവുമായി തിരികെ എത്തുമ്പോൾ തന്റെ ഉപരിപഠനം ഉപേക്ഷിച്ച് ക്രിസ്തുവിനൊപ്പം നടന്ന അരുമ ശിഷ്യനെപ്പോലെ പിതാവിനോടൊപ്പം തിരികെ വന്നു.

ബഥനി എന്ന വിത്ത് നട്ടതും വളർത്തിയതും മാർ ഈവാനിയോസ് പിതാവാണ്. അതിന് വെള്ളവും വളവും നൽകി പരിചരിച്ച്, പരിപോഷിപ്പിച്ചത് തെയോഫിലോസ് പിതാവാണ്. ബഥനിക്ക് തണലും താങ്ങുമേകി മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പിതാവും, മാർ തെയോഫിലോസ് പിതാവ് സ്നേഹവും വാത്സല്യവും കരുതലും കൊണ്ട് എന്നും ഒരു മാതാവിന്റെ സ്ഥാനത്തും നിലനിന്നു. അഭിവന്ദ്യ പിതാവിന്റെ കബറിടം സ്ഥിതി ചെയ്യുന്ന തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിൽ അനുദിനവും പദയാത്രികരായുമൊക്കെ നിരവധി വിശ്വാസികൾ കടന്നുവരുന്നു.

ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ മക്കളെ ഈജിപ്റ്റിന്റെ അടിമത്തത്തിൽ നിന്നും മോചിപ്പിച്ച് പാലും തേനും ഒഴുകുന്ന വാഗ്ദത്ത നാടായ കാനാൻ ദേശത്തേക്ക് ആനയിച്ച മോശയെയും ജോഷ്വയെയും പോലെ വരപ്രസാദത്തിന്റെ വാഗ്ദത്ത വീടായ പരിശുദ്ധ കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് കൈപിടിച്ച് നടത്തിയ ഭാഗ്യസ്മരണാർഹനായ ദൈവദാസൻ ആർച്ച്ബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് പിതാവിന്റെയും മാർ തെയോഫിലോസ് പിതാവിന്റെയും പാവനനാമങ്ങൾ തിരുസഭയിൽ എന്നും സ്മരിക്കപ്പെടും.

പുണ്യവാനായ പിതാവേ..
അങ്ങയുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കട്ടെ...



സ്നേഹപൂർവ്വം
സുബിൻ തോമസ്
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ.

www.malankaralibrary.com

# Presidential Desk



പ്രിയ സഹയാത്രികരെ,

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ചയിലും വികാസത്തിലും അക്ഷീണം പ്രയത്നിച്ച ഒരുപാട് വ്യക്തിത്വങ്ങൾ നമുക്ക് മുൻപിലൂടെ കടന്നു പോയിട്ടുണ്ട്. കാലത്തിന്റെ നെറുകയിൽ ദൈവഹിതപ്രകാരം ഈയൊരു സഭയെ പടുത്തുയർത്താനും അനേകം വിശ്വാസികളുടെ കൂട്ടായ്മയ്ക്കും ആത്മീയമായ പ്രവർത്തനങ്ങളിലും ഭൗതിക വളർച്ചയിലും അവർ നൽകിയിട്ടുള്ള പങ്ക് വളരെ വലുതാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ പോലെതന്നെ സഭ എന്നും ഏറെ സന്തോഷത്തോടെയും ആദ്ധ്യാത്മികമായ വിശ്വാസത്തോടെയും നോക്കി കാണുന്ന മറ്റൊരു പിതാവാണ് മാർ തെയോഫിലോസ് പിതാവ്. പുണ്യ ശ്ലോകനായ വന്ദ്യപിതാവിന്റെ ഓർമ്മകളിലൂടെ സഭ ഒന്നാകെ നടന്നു നീങ്ങുമ്പോൾ, കൂട്ടായ്മയുടെ വളർച്ചയിൽ, മികച്ച തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഭയെ വളർത്തുവാൻ പരിപാലിക്കുവാൻ ദൈവം നിയോഗിച്ച പിതാവിനെ നമുക്ക് ഓർക്കാം.

ഒപ്പം പ്രകൃതിയെ സ്നേഹിക്കാനും പ്രകൃതിയോടുള്ള കടമ നിറവേറ്റാനും ഒരു യുവാവ് എന്ന നിലയിൽ നാം ചെയ്യേണ്ട കടമകളെയും ഉത്തരവാദിത്തങ്ങളെയും നിറവേറ്റേണ്ടതുണ്ട് എന്ന് ഓർമിക്കണം. പ്രകൃതി നമുക്ക് ദൈവം നൽകിയ സ്വർഗ്ഗമാണ്. ഈ സ്വർഗ്ഗത്തെ തലമുറകൾക്ക് കൈമാറേണ്ട വലിയ ഉത്തരവാദിത്തവും നമുക്കുണ്ട്. ഈ തിരിച്ചറിവുകൾ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് സഹയാത്രികരോടൊപ്പം നമുക്ക് യാത്ര തുടരാം...

**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്



www.malankaralibrary.com



# മാർ തെയോഫിലോസ് - ജീവിക്കുന്ന വിശുദ്ധൻ



**ലൈജു കോശി മാത്യു**
പ്രസിഡന്റ്,
തിരുവല്ല അതിഭദ്രാസനം

മലങ്കരയുടെ പുനരൈക്യ സഹശില്പിയും തിരുവല്ല അതിരൂപതയുടെ പ്രഥമ മെത്രാപ്പൊലീത്തയുമായ പുണ്യശ്ലോകൻ യാക്കോബ് മാർ തെയോഫിലോസ് പിതാവ് സ്വർഗ്ഗം പൂകിയതിന്റെ 66–ാം വാർഷികം ആചരിക്കുന്ന ഈ വേളയിൽ, മലങ്കര സഭ ഹൈരാർക്കി സ്ഥാപനത്തിന്റെ നവതിയും ആഘോഷിക്കുന്നു. ഈ അവസരത്തിൽ മാർ തെയോഫിലോസ് പിതാവിനെക്കുറിച്ച് ധ്യാനിക്കുന്നത് ഏറെ അനുഗ്രഹമാണ്.

അബ്രഹാത്തിന് ലോത്തെന്നപോലെ, മോശയ്ക്ക് അഹറോനെന്ന പോലെ കന്യകാമാതാവിന് യൗസേപ്പ് പിതാവെന്നപോലെ ഉഗ്രപ്രതാപിയും ദീർഘവീക്ഷിയുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ അടിയുറച്ച പിന്തുണയും സന്തത സഹചാരിയും പ്രാർത്ഥന കൊണ്ട് വലിയ പിൻബലവുമേകിയ ശ്രേഷ്ഠ വ്യക്തിത്വമാണ് പുണ്യശ്ലോകൻ യാക്കോബ് മാർ തെയോഫിലോസ് പിതാവ്. ആ പുണ്യചരിതന് ഇന്നത്തെ യുവജനങ്ങളോട് എന്താണ് പറയാനുള്ളതെന്ന് നമുക്ക് ചിന്തിക്കാം.

യാക്കോബ് മാർ തെയോഫിലോസ് പിതാവിനെ ലോകം വിളിച്ചിരുന്ന പേര് 'ജീവിക്കുന്ന വിശുദ്ധൻ' എന്നായിരുന്നു. വന്ദ്യ താതന്റെ ജീവിത വിശുദ്ധിയും പ്രാർത്ഥനാതീക്ഷണതയും കണ്ട് വിദേശ സന്ദർശന വേളയിൽ വിദേശിയരാണ് അദ്ദേഹത്തെ അപ്രകാരം ആദ്യമായി അഭിസംബോധന ചെയ്തത് എന്നാണ് ജീവചരിത്ര ഗ്രന്ഥകാരൻ രചിച്ചിരിക്കുന്നത്.

www.malankaralibrary.com



യുവജനങ്ങളായ നമുക്ക് ചിന്തിക്കാം, നമ്മുടെ ഈ ഇഹലോക വാസകാലത്ത് നമ്മുടെ ചുറ്റുമുള്ള വർ നമ്മളെ എപ്പോഴെങ്കിലും ഇപ്രകാരം വിളിക്കപ്പെട്ടിട്ടുണ്ടോ? ഇതാണ് അഭിവന്ദ്യ പിതാവും നമ്മുടെ മുൻപാകെ വയ്ക്കുന്ന ചലഞ്ചും.

എല്ലാ മനുഷ്യരും വിശേഷിച്ച് ക്രൈസ്തവർ വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ്. സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നാം ഓരോരുത്തരും പരിപൂർണ്ണതയിലേക്ക് ശ്രമിക്കുമ്പോൾ നാം വിശുദ്ധിയുടെ സഞ്ചാരത്തിലാണ്: ജീവിക്കുന്ന വിശുദ്ധരാകും. ഇത് കേൾക്കാനും പറയാനും വായിക്കാനും നല്ല കാര്യമാണ്. പക്ഷെ യഥാർത്ഥത്തിൽ സംഭവിക്കില്ല എന്ന് ചിന്തിക്കുന്നവരാണ് നമ്മളിൽ ഭൂരിപക്ഷവും. എന്നാൽ, മറിച്ചുള്ള അനേക യാഥാർഥ്യങ്ങൾ നമ്മുടെ ന്യൂ ജനറേഷൻ ബലത്തിലുണ്ട് എന്ന് നാം മറക്കരുത്.

വാഴ്ത്തപ്പെട്ട കാർലോ അക്യൂട്ടിസും, മലയാളിയായ അജ്ന ജോർജ്ജുമൊക്കെ 'ജീവിക്കുന്ന വിശുദ്ധർ' ആയിരുന്നു, ആണ്. അവർക്ക് സാധ്യമെങ്കിൽ എന്തുകൊണ്ട് എനിക്ക് സാധ്യമല്ല? തെയോഫിലോസ് എന്ന വാക്കിന്റെ അർത്ഥം പോലെ ദൈവസ്നേഹിതനായി, 'ജീവിക്കുന്ന വിശുദ്ധർ' ആയി ജീവിക്കാൻ മാർ തെയോഫിലോസ് പിതാവ് നമ്മെ ക്ഷണിക്കുന്നു. ഇതായിരുന്നു അദ്ദേഹത്തിന്റെ ജീവിതചര്യ.

**'നിങ്ങളോടു ദൈവവചനം പ്രസംഗിച്ച നിങ്ങളുടെ നേതാക്കൻമാരെ ഓർക്കുവിൻ. അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ.'**
**(ഹെബ്രായർ 13 : 7 )**





www.malankaralibrary.com

# മടങ്ങാം പച്ചപ്പിലേക്ക്



**അപർണ ഐ. ജോയി**
തിരുവനന്തപുരം മേജർ അതിഭദ്രാസനം

**ലോ**കജനതയുടെ വിമോചനവും വികസനവും മുന്നിൽകണ്ട്, ഹൃദയത്തിൽ ക്രൈസ്തവ ദൗത്യം പേറി മുന്നേറുന്ന മലങ്കരയുടെ യുവത. കാലത്തിന്റെ ചുവരെഴുത്തുകൾ തിരിച്ചറിഞ്ഞ്, മാറ്റത്തിന്റെ ചാലകശക്തിയായി, ലോകത്ത് മറ്റൊരു ക്രിസ്തുവായി പരിണമിക്കുക എന്ന ലക്ഷ്യത്തോടെ കർമവീഥിയിൽ യുവജനങ്ങൾ അണിനിരന്നിരിക്കുന്നു. സമൂഹത്തിന്റെ പൊതുനന്മ ലക്ഷ്യം വയ്ക്കുന്ന നാം പരിസ്ഥിതിയുടെ വക്താക്കളായി മാറേണ്ടതുണ്ട്. പ്രകൃതിയെ കാർന്നു തിന്നുന്ന ഭീകരത അനുദിനം വർധിച്ചു വരുമ്പോൾ, ഭൂമിയുടെ സ്പന്ദനം തിരിച്ചറിഞ്ഞ് സംരക്ഷിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. ആധുനിക കാലഘട്ടത്തിൽ യുവജനങ്ങളെ വലയ്ക്കുന്ന പ്രശ്നങ്ങളിൽ ഏറ്റവും തീവ്രമായത് നിസ്സംഗതയാണ്. എല്ലാറ്റിനോടും വിരക്തി പ്രകടിപ്പിച്ച്, ഒന്നിനോടും പ്രതിബദ്ധത പുലർത്താതെ ജീവിച്ചു മരിക്കുക എന്ന സിദ്ധാന്തം, നമ്മൾ പോലും അറിയാതെ നമ്മിലേക്ക് കുടിയേറിപ്പാർത്തിരിക്കുന്നു. ജീവിതത്തിലെ വസന്തകാലത്തിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന നമുക്ക് സമൂഹനന്മയ്ക്കും പ്രകൃതി സംരക്ഷണത്തിനുമായി ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. ലോക പരിസ്ഥിതി ദിനത്തിൽ വീടും പരിസരവും വൃത്തിയാക്കുകയും പ്രകൃതിയെ സംരക്ഷിക്കുന്ന മുദ്രാവാക്യവും പ്രഭാഷണങ്ങളും വാതോരാതെ പ്രഘോഷിച്ച്, ആ ദിനത്തിന്റെ മഹാത്മ്യം നാം വിളിച്ചോതി. എന്നാൽ ആഴത്തിൽ ചിന്തിക്കേണ്ട ഒരു ചോദ്യം പ്രകൃതിസംരക്ഷണം പരിസ്ഥിതി ദിനത്തിൽ മാത്രം ഒതുങ്ങി പോകേണ്ടതാണോ?

www.malankaralibrary.com



എല്ലാ ദിനങ്ങളും പരിസ്ഥിതിയെ കാക്കുന്ന, മണ്ണിന്റെ പുതുമണം ആസ്വദിച്ചു അതിന്റെ കാവലാളായി വർത്തിക്കുന്ന, ജീവജാലങ്ങളെ കരുതുന്ന ദിനങ്ങളായി പരിണാമം ചെയ്യേണ്ടതുണ്ട്.

നമ്മുടെ കണ്ണുകളിൽ നിത്യം വിസ്മയം സൃഷ്ടിക്കുന്ന പ്രകൃതിയുടെ നിലനിൽപ്പ് മനുഷ്യന്റെ കൈകളിലാണ്. വികസനം എന്ന വാക്കിന്റെ പിന്നാലെ അധികാരത്തിന്റെ ഗർവ്വോടെ നാം പായുന്നത് മുന്നിൽ കണ്ടിട്ടാകണം മഹാനായ കവി ഒ.എൻ.വി., ഇനിയും മരിക്കാത്ത ഭൂമിക്ക് മുന്നൊരുക്കമായി ചരമഗീതം രചിച്ചത്..

'ഇനിയും മരിക്കാത്ത ഭൂമി
ഇതു നിന്റെ മൃതശാന്തി ഗീതം
ഇതു നിന്റെ എന്റെയും ചരമ ശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം.
ഉയിരറ്റ നിൻമുഖത്തശ്രുബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ
ഇവിടെയവശേഷിക്കയില്ല ഞാനാകയാൽ
ഇതുമാത്രമിവിടെ എഴുതുന്നു
ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്ന മൃതിയിൽ നിനക്കാത്മശാന്തി
മൃതിയിൽ നിനക്കാത്മശാന്തി"

(ഭൂമിക്കൊരു ചരമഗീതം - ഒ.എൻ.വി)

പൊതുഭവനമായ ഭൂമി സംരക്ഷിക്കുന്നതിൽ യുവജനങ്ങൾക്ക് വലിയ പങ്കുണ്ടെന്ന് സഭയും സഭാപിതാക്കന്മാരും നമ്മോട് നിഷ്കർഷിച്ചിട്ടുണ്ട്. ശാസ്ത്രവും വികസനവും മുന്നോട്ടു കുതിക്കുമ്പോൾ മനുഷ്യനും അവനിൽ അന്തർലീനമായിരിക്കുന്ന മൂല്യങ്ങളും ധാർമികതയും പിന്നോട്ട് അധഃപതിക്കുന്നു എന്ന് വേണം പറയാൻ. ഗ്രാമീണതയുടെ സുരക്ഷിതത്വത്തിൽ നിന്നും നാഗരികതയുടെ ചുരുളഴിയാത്ത രഹസ്യങ്ങളിലേക്ക് നടന്നുനീങ്ങുമ്പോൾ, സ്വയം വികസിത മനുഷ്യരാണെന്ന് ഉറക്കെ പ്രഖ്യാപിക്കുന്ന മനുഷ്യർക്ക് മണ്ണും മരവും പച്ചപ്പും കാടുമൊക്കെ അന്യമായി കൊണ്ടിരിക്കുന്നു. ഇവിടെയാണ് യുവജനങ്ങൾ ഉണർന്നു ചിന്തിക്കേണ്ടതിന്റെ ആവശ്യകത. പ്രകൃതിക്ക് വിനാശം വരുത്തുന്ന പ്രവർത്തനങ്ങൾ, ശൈലികൾ, ജീവിതരീതി ഇവയൊന്നും നമുക്കിനി വേണ്ട എന്ന ഉറച്ച ബോധ്യത്തോടുകൂടി, തിരിച്ചറിവുള്ള, പൊതുബോധമുള്ള വരുംതലമുറയായി നാം മാറണം. 'യുവജനങ്ങൾ സഹയാത്രികർ' എന്ന ആപ്തവാക്യവുമായി പ്രവർത്തന പന്ഥാവിൽ മുന്നേറുന്ന നമുക്ക്, പ്രകൃതിയും ജീവജാലങ്ങളും ഭൂമിയിലെ സർവ്വചരാചരങ്ങളും സഹയാത്രികരാണ് എന്ന ഉത്തമ ബോധ്യത്തിൽ, സഹവർത്തിത്വത്തിൽ ജീവിക്കാം...

www.malankaralibrary.com



# Environment & Youth



**Jesse Varghese**
*President, Bangalore Region*
*Eparchy of Puttur*

Environmental issues are a prime concern in today's time across the globe, not a single country has been spared from one or the other form of environmental hazards. At multiple instances we have all seen the wrath of nature due to the unmindful or over utilization of resources by mankind and results have been devastating. The environment is a beautiful gift from our heavenly father to humans where we co-exist with various other organisms. Genesis 1:28 "And God blessed them. And God said to them, "Be fruitful and multiply and fill the earth and subdue it and have dominion over the fish of the sea and over the birds of the heavens and over every living thing that moves on the earth." God created this beautiful world and entrusted its responsibility to mankind to safeguard it. But are we truly living in harmony with the nature and protecting it?

Pollutions of various type, climate changes, viral infections, deteriorating water

www.malankaralibrary.com



levels, increase in barren land, forest fires, land degradation, deforestation, increase in sea level etc. are some of the serious environmental concerns all of us are aware about that have had detrimental effects on the environment.

**Only One Earth – United Nations Theme for Environment Day 2022.** The very theme by the UN points towards utmost importance of Protecting the Environment. We all have heard about environmental hazards and have been aware about them from our schooling days, but the real question is how many of us implement the solutions that we are already aware about or in fact try alternative solutions to tackle these hazards most of which are a result of our own actions.

Our forefathers used the various resources available on earth for their basic survival in terms of food, clothing, and shelter. But with the advent of industrial ization human beings have realised their capability to harness nature and it looks like mankind has embraced a path of self-destruction, destroying our own home provides shelters to us.

UN Secretary General, Antonio Guterres quotes **"The hopes of the world rest on young people."**

The youth of a country are their strength and by the virtue of which each of us play a vital role in protecting our mother earth. Starting from the various diets we follow, to the fashion trends and the lifestyle we lead each of it has had an impact on the environment. Environmental damage is a complex issue that by large results from carelessness and unawareness. Environmental problems are not the sole responsibility of government or any big organisations rather it's each individual's duty to protect and care for earth.

United Nations General Assembly had declared 2011-2020, as the "Decade for Biodiversity" even though after many efforts of various organizations across the globe, government, and environmentalists we are still miles behind.

Environmentalist from ages have been warning us against environment hazards not paying heed to them has proved to be detrimental at multiple occasions. The carelessness and overutilization of resources by mankind has been such that many of the pathogens that were been buried under the earth since ice age have slowly started reviving and if they start contaminating with the environment, they can bring about a catastrophe on the human race such that it might led to the extinction of the human race from the planet of earth

www.malankaralibrary.com



With the advancement of technology and the amount of data available to us today we are in a far better position than the yesteryears to understand all these situations and find solutions to it. We need to begin with educating ourselves and the people around us about the environmental issues prevailing. Small efforts from each of us would make a substantial difference in the long run. If people are not familiarized with their actions that are directly or indirectly resulting in deterioration of environment, they will not fully understand the gravity of the situation and be responsible.

Many of the resources that we use today are non-renewable, it took millions of years for these resources to be formed on earth. Statistics show that we have already utilized majority of these resources and very less quantity is left. Also, these non-renewable sources are major contributors for pollution hence switch to renewable sources of energy.

Invest in research groups and be part of the research group and find alternative sources of energy and products. Collab orate in government projects and try helping in developing environmental policies.

Refrain from single use plastics, plastics remain on the face of earth for years as they are not degradable and major source of land and water pollution. Automobiles have become more of societal status rather than necessity these days switch to public transports or share rides.

Stop impulsive shopping and blindly following trends and diets, shop what is necessary and follow healthy lifestyle. By purchasing only what is required you need, we reduce the amount of waste getting generated. Buy local products and produce in a way to minimize carbon footprint.

Switch to eco-friendly products. Companies are answerable for their eco logical footprint and a change in consumer habits would compel them to become more sustainable.

Stop littering around and unmindful dumping of waste provides a breeding ground for a many virus. Waste products if segregated properly many of them can be reused to form composts etc. Following the 3 R – Recycle, Reduce, Reuse is an effective way for environment protection.

Small initiates from each one can make a major impact in the longer run. To save our home and our human race from beco ming extinct, we all should join our hands together along with the government and work towards the common goal of reducing the impairment of environment.

www.malankaralibrary.com


# MALANKARA CATHOLIC YOUTH MOVEMENT

CENTRAL SECRETARIAT
CATHOLICATE CENTRE, PATTOM, TRIVANDRUM
Website : www.mcym.in / E-mail : mcymcs12@gmail.com / Ph : 0471 2558864



*Our Patron*
**MORAN MOR BASELIOS CARDINALCLEEMIS CATHOLICOS**
(The Major Archbishop-Catholicos)
Major Archbishop's House,
Trivandrum

*Chairman*
**MOST REV. DR. VINCENT MAR PAULOS**
Bishop's House, Marthandam
Kanyakumari Dist, 629 165

*Director*
**REV. FR. ABRAHAM MEPURATHU**
Catholic Bishop's House,
Pathanamthitta
Ph : +91 6235629423

*President*
**ANGEL MARY C. D**
Ph : +91 8281676227

*Gen. Secretary*
**SUBIN THOMAS**
Ph: +91 9747908651

*Treasurer*
**JOBIN DAVID**
Ph : +91 7293474197

*Vice President*
**JITHIN ABRAHAM**
Ph : +91 8390639630
**TEENA K.S**
Ph : +91 7559868143
**HARSLIN B**
Ph : +91 8300768785

*Secretary*
**MERIN MAMACHAN**
Ph : +91 8606142788
**ROBIN JOSEPH**
Ph : +91 9539638630
**JOBIN ALARME**
Ph : +91 9606854015

*Animator*
**Mr. V.C. GEORGEKUTTY**
Mobile : 9048505127


**Youth the Co-pilgrims - യുവജനങ്ങൾ സഹയാത്രികർ**

Circular No. : MCYM/CS/2022/04 Date : 12th June 2022

## പ്രസിദ്ധീകരണത്തിന്

മലയോര മേഖലയുടെ ആശങ്കകൾ പരിഹരിച്ച്,ജനവാസ പ്രദേശങ്ങളെ ബഫർസോൺ മേഖലയിൽ നിന്ന് ഒഴിവാക്കുക: എം.സി.വൈ.എം സഭാതല സമിതി

മലയോര മേഖലകളിലെ ആളുകളുടെ ജനജീവിതം കൂടുതൽ ദുസ്സഹം ആക്കുന്ന തീരുമാനം ആണ് ബഫർസോൺ മേഖലകളാക്കുക എന്നത്. പതിറ്റാണ്ടുകളായി മലയോര ജനതയെ വിടാതെ പിന്തുടരുന്ന ബഫർസോൺ കരിനിയമങ്ങൾ വീണ്ടും ഈ ജനതയ്ക്ക് മേൽ അടിച്ചേൽപ്പിക്കാനുള്ള ശ്രമം ഭീതിയോടെ മാത്രമേ നോക്കി കാണാൻ കഴിയുകയുള്ളൂ. സ്വന്തം ഭൂമിയിലെ അവകാശങ്ങൾ പോലും പതിയെ സർക്കാർ കവർന്നെടുക്കുന്നു.

നാളിതുവരെ റവന്യൂ നിയമങ്ങൾ മാത്രം ബാധകമായിരുന്ന മലയോര പ്രദേശത്തെ കൃഷിയിടങ്ങളിൽ പുതിയ നിയമം നിലവിൽ വരുന്നതോടെ വനം നിയമങ്ങളും അടിച്ചേല്പിക്കപ്പെടും. ഇത്തരം മനുഷ്യാവകാശലംഘന നിയമങ്ങൾ ഒരു ജനതയുടെ മൊത്തം വികാരത്തെ അവഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി നടപ്പിലാക്കാൻ ശ്രമിക്കുന്നത് അങ്ങേയറ്റം വേദനാജനകമാണ്. കർഷക ആത്മഹത്യകൾ ഏറിവരുന്ന ഈ കാലത്ത് മലയോര കർഷകരെ ഒന്നടങ്കം ദുരിതത്തിലാക്കുന്ന ഈ തിരുമാനം തീർത്തും ജനദ്രോഹപരമാണ്.

ജനപ്രതിധിനികളുടെ അടിയന്തര ശ്രദ്ധ ഈ കാര്യത്തിൽ ആവശ്യമാണ്. കേരളത്തിലെ മലയോര ജനതയുടെ ആശങ്കകൾ പരിഹരിച്ച് എത്രയും വേഗം ഈ തിരുമാനം തിരുത്തുവാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ മുൻകൈ എടുക്കുക. മലയോര മേഖലയ്ക്ക് സഭാതല സമിതിയുടെ പിന്തുണ അറിയിക്കുന്നു

സഭാതല സമിതിക്കു വേണ്ടി
സുബിൻ തോമസ്
(ജനറൽ സെക്രട്ടറി)

www.malankaralibrary.com



# സഭാതലസമിതി

## MEET THE DIOCESE



എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ പത്തനംതിട്ട ഭദ്രാസന സമിതിയെ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായെ സന്ദർശിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവ് സഭാതല സമിതിയുടെ പ്രവർത്തനങ്ങൾക്ക് ആശംസകളും പ്രാർത്ഥനയും നേർന്നു.

ഭദ്രാസന-സഭാതല പ്രവർത്തനങ്ങളെപ്പറ്റി അവലോകനം നടത്തപ്പെട്ടു. സഭാതല സമിതിയുടെ ശ്രദ്ധ പ്രത്യേകം എത്തേണ്ട മേഖലകളെപ്പറ്റി ചർച്ച ചെയ്തു. സീതത്തോട് വൈദിക ജില്ലയിലെ ബഹു. ജില്ലാ ഡയറക്ടറച്ചൻമാർ സഭാതല സമിതി അംഗങ്ങളെ നേരിൽ കാണുകയും ബഫർ സോൺ പ്രശ്നങ്ങളിൽ സംഘടനാ ഇടപെടലിനെ പറ്റി പ്രത്യേകം ചർച്ച ചെയ്യുകയും ചെയ്തു. മലയോര മേഖലയുടെ പ്രശ്നങ്ങളിൽ സഭാതല സമിതി ഇടപെടലും തുടർ നടപടികളുമുണ്ടാകും എന്ന് ഉറപ്പും നൽകി.

സഭാതല സമിതിയെ ഹൃദ്യമായി സ്വീകരിച്ച ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവിനെയും വികാരി ജനറാൾ റൈറ്റ് റവ. മോൺ. ഷാജി മാണികുളത്തെയും ഭദ്രാസന സമിതിയെയും ഏറെ നന്ദിയോടെ ഓർക്കുന്നു.

## സമാധാന സദസ്



നൈജീരിയയിലെ സെന്റ് ഫ്രാൻസിസ് ദൈവാലയത്തിൽ നടന്ന ത്രീവവാദ ആക്രമണത്തെ അപലപിച്ച് മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് സഭാതല സമിതി സമാധാന സദസ് സംഘടിപ്പിച്ചു. പെന്തക്കുസ്ത ദിനത്തിൽ നൈജീരിയയിലെ ക്രിസ്ത്യൻ ദൈവാലയത്തിൽ നടന്ന തീവ്രവാദ ആക്രമണത്തിൽ അൻപത് പേർ കൊല്ലപ്പെട്ട സംഭവം അതീവ ദാരുണവും ഞെട്ടൽ ഉളവാക്കുന്നതുമാണ്. ലോകമാകമാനം ക്രൈസ്ത്രവർക്ക് നേരെ വർദ്ധിച്ചുവരുന്ന ആക്രമണങ്ങൾ അപലപനീയമാണെന്നും എം.സി.വൈ.എം. സമാധാന സദസ് എം.സി.വൈ.എം. സഭാതല ഡയറക്ടർ ഫാ. എബ്രഹാം മേപ്പുറത്ത് ഉദ്ഘാടനം ചെയ്തു. സമാധാന പ്രാർത്ഥനയും തീവ്രവാദത്തിനെതിരെ യുവജനങ്ങൾ കൈയ്യൊപ്പും രേഖപ്പെടുത്തി.

എം.സി.വൈ.എം. സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി, പത്തനംതിട്ട ഭദ്രാസന ഡയറക്ടർ ഫാ. സ്കറിയ പതാലിൽ, ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ്, സഭാതല ജനറൽ സെക്രട്ടറി സുബിൻ തോമസ്, ഭദ്രാസന ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം, സിസ്റ്റർ ഹൃദ്യ എസ്.ഐ.സി., ഫാ. ഫിലിപ്പോസ് ചരുവുപുരയിടത്തിൽ, ഫാ. വർഗീസ് ദാനിയേൽ തയ്യിൽ എന്നിവർ സംസാരിച്ചു. സഭാതല ഭാരവാഹികൾ, പത്തനംതിട്ട ഭദ്രാസന ഭാരവാഹികൾ, പത്തനംതിട്ട വൈദിക ജില്ല ഭാരവാഹികൾ, കത്തീഡ്രൽ യൂണിറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## അഭിനന്ദനങ്ങൾ..

ദേശീയ പഞ്ചഗുസ്തി മത്സരത്തിൽ കേരള ടീമിന് വേണ്ടി മൂന്ന് സ്വർണ മെഡലുകൾ നേടി ഇന്ത്യൻ ടീമിൽ സെലക്ഷൻ നേടിയ എം.സി. വൈ.എം. ബത്തേരി ഭദ്രാസനത്തിലെ പുൽപള്ളി മേഖല പുൽപള്ളി യൂണിറ്റ് അംഗം സ്റ്റീവ് തോമസിന് അഭിനന്ദനങ്ങൾ..



www.malankaralibrary.com



## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### ഹരിതസങ്കീർത്തനം



എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ മെയ് 30 മുതൽ ജൂൺ 5 വരെ ഹരിതസങ്കീർത്തനം എന്ന പേരിൽ പരിസ്ഥിതിവാരമായി ആചരിച്ചു. ഏഴ് ദിനങ്ങളിലായി പോസ്റ്റർ നിർമ്മാണം, ഫോട്ടോഗ്രാഫി, പേപ്പർ അവതരണം, വി. ഗ്രന്ഥവും പ്രകൃതിയും (ക്വിസ്), ഭൂമിയ്ക്കൊരു പ്രണയലേഖനം(Letter Writing), Earth Mask Making, ഒരു കുഞ്ഞു ചെടിയുടെ ഡയറി (Diary Writing) എന്നിങ്ങനെ വ്യത്യസ്തമാർന്ന പ്രകൃതി സൗഹൃദ മത്സരങ്ങളും വൈദിക ജില്ലകളുടെയും യൂണിറ്റുകളുടെയും നേതൃത്വത്തിൽ കടലോരപ്രദേശ ശുചീകണം, വൃക്ഷത്തൈ വിതരണം, പരിസ്ഥിതി അവബോധ സമ്മേളനം തുടങ്ങിയവ നടത്തപ്പെട്ടു.

### അത്യഭിവന്ദ്യ കാതോലിക്കാബാവയ്ക്ക് ജന്മദിനാശംസകൾ

അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ തിരുമനസിന്റെ ജന്മദിനമായ ജൂൺ 15-ാം തീയതി എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന കുടുംബത്തിന്റെ പ്രാർത്ഥനകളും ആശംസകളും മേജർ അതിഭദ്രാസന സമിതിയംഗങ്ങൾ തിരുസന്നിധിയിലെത്തി പിതാവിനെ അറിയിക്കുകയും 'സ്നേഹ വിരുന്നുശാല' പദ്ധതിയിലേയ്ക്ക് സഹായം കൈമാറുകയും ചെയ്തു.



### ഹാപ്പി ജൂൺ





ജൂൺ മാസത്തിൽ പുതിയ അധ്യായന വർഷത്തിലേയ്ക്കു പ്രവേശിച്ച കുട്ടികളെയും അറിവ് നേടാൻ അവരെ പ്രാപ്തരാക്കുന്ന അധ്യാപകരെയും യുവജനശുശ്രൂഷകളെയും സമർപ്പിച്ച് ഓൺലൈൻ പ്രയർ ചെയിൻ നടത്തപ്പെട്ടു.

### സിൻഡിക്കേറ്റ് മീറ്റിംഗ്

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന രക്ഷാധികാരി അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ തിരുമനസ്സിന്റെ സാന്നിധ്യത്തിൽ പട്ടം തിരുസന്നിധിയിൽ വച്ച് സിൻഡിക്കേറ്റ് മീറ്റിംഗ് കൂടുകയും, കഴിഞ്ഞ ആറു മാസക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി, തുടർന്നുള്ള പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

www.malankaralibrary.com






തുടർന്ന്, എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ അർദ്ധവാർഷിക മാസികയായ യുവജ്യോതിയുടെ (ജനുവരി – ജൂൺ) പ്രകാശനകർമ്മം അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനി നിർവഹിച്ചു.

## തിരുവല്ല അതിഭദ്രാസനം

### മൊബൈൽ ഫോട്ടോഗ്രാഫി മത്സരം

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിലെ യുവജനങ്ങൾക്കായ് ലോക പരിസ്ഥിതി ദിന




ത്തോടനുബന്ധിച്ച് Only One Earth എന്ന വിഷയം ആസ്പദമാക്കി മൊബൈൽ ഫോട്ടോഗ്രാഫി മത്സരം നടത്തി.

### എന്റെ ഇടവകയിൽ നവതിമരം



തിരുവല്ല അതിഭദ്രാസനം നവതി ആഘോഷിക്കുന്ന ഈ വേളയിൽ ലോക പരിസ്ഥിതി ദിനമായ 2022 ജൂൺ 5–ാം തീയതി ഞായറാഴ്ച്ച തിരുവല്ല അതിഭദ്രാസനത്തിലെ എല്ലാ എം.സി.വൈ.എം. യൂണിറ്റുകളുടെയും നേതൃത്വത്തിൽ നവതി മരം നട്ടു.

### THE WAY

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 2022 ജൂൺ മാസം 19 ന് വൈകിട്ട് 5.00 മണിയ്ക്ക് THE WAY മേഖല സന്ദർശനവും യുവജന പ്രാർത്ഥനാകൂട്ടായ്മയും കുമളി മേഖലയിലെ സഹ്യജ്യോതി കോളേജിൽ വച്ച് നടത്തപ്പെട്ടു.

എം.സി.വൈ.എം. അതിഭദ്രാസന ഡയറക്ടർ റവ. ഫാ. എബ്രഹാം തൈപ്പറമ്പിൽ, കൗമാ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് വി. ബൈബിൾ

www.malankaralibrary.com



## The Way
### കുമിളി മേഖല സന്ദർശനവും എം.സി.വൈ.എം ഐഡി കാർഡ് വിതരണവും



വായനയ്ക്ക് ശേഷം കുമളി മേഖല പ്രസിഡന്റ് ശ്രീ. ഷിക്കു കുരിയാക്കോസ് സ്വാഗതം അറിയിച്ചു. അതിഭദ്രാസന വൈസ് പ്രസിഡന്റ് മറിയം റ്റി. തോമസ് അദ്ധ്യക്ഷയായിരുന്നു. എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന സെക്രട്ടറി പ്രിയ രാജൻ തിരുവചന സന്ദേശം നൽകി.

### ഒരേയൊരു ഭൂമി




എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാഘോഷങ്ങളുടെ ഭാഗമായി 'കമ്പ്യൂട്ടറും കൃഷിയും യുവതയുടെ ഭാവിയും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പേപ്പർ പ്രസന്റേഷൻ മത്സരം അതിഭദ്രാസനത്തിലെ യുവജനങ്ങൾക്കായി സംഘടിപ്പിച്ചു.

## റിസോഴ്സ് പേഴ്സൺ മിനിസ്ട്രി ഉദ്ഘാടനം

### Resource Persons Ministry
കുമിളി മേഖല സമിതി അംഗങ്ങൾ ഉദ്ഘാടനം ചെയ്തപ്പോൾ..



കുമളി മേഖലയിൽ വച്ച് അതിഭദ്രാസനത്തിന്റെ റിസോഴ്സ് പേഴ്സൺ മിനിസ്ട്രി ഉദ്ഘാടനം മേഖല ഡയറക്ടറായ ഫാ. വർഗീസ് വള്ളിക്കാട്ടും മേഖല ഭാരവാഹികളും ചേർന്ന് നിർവഹിച്ചു. അതിഭദ്രാസന വൈസ് പ്രസിഡന്റും റിസോഴ്സ് പേഴ്സൺ മിനിസ്ട്രിയുടെ കോഡിനേറ്ററുമായിരിക്കുന്ന ശ്രീ. അലക്സ് പി. എസ്. മിനിസ്ട്രിയെക്കുറിച്ചും അതിന്റെ ലക്ഷ്യങ്ങളെ കുറിച്ചുമുള്ള ആശയങ്ങൾ പങ്കുവെച്ചു. തുടർന്ന് എം.സി.വൈ.എം. അതിഭദ്രാസന ഡയറക്ടർ ഫാ. എബ്രഹാം തൈപ്പറമ്പിൽ എം.സി.വൈ.എം. ഐഡി കാർഡ് മേഖല പ്രസിഡന്റ് ശ്രീ. ഷിക്കു കുര്യാക്കോസിനു കൈമാറി.

### ജാഗരണ പ്രാർത്ഥന

മാർ തെയോഫിലോസ് പിതാവിന്റെ ഓർമ്മപെരുന്നാളിനോട് അനുബന്ധിച്ച് പിതാവിന്റെ കബറിങ്കൽ നടത്തിയ ജാഗരണ പ്രാർത്ഥനയിൽ നിന്നും..



പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ 66-ാം ഓർമ്മ തിരുനാളിനോടനുബന്ധിച്ച് പിതാവിന്റെ കബറിടത്തിൽ വച്ച്

www.malankaralibrary.com



ജാഗരണ പ്രാർത്ഥന 2022 ജൂൺ 20 മുതൽ 25 വരെയുള്ള 6 ദിവസങ്ങളിൽ വൈകുന്നേരം 5.30 മുതൽ 6.30 വരെ നടത്തപ്പെട്ടു. ഓരോ ദിവസവും അതിഭദ്രാസനത്തിലെ ഓരോ മേഖലയിൽ നിന്നുമുള്ള യുവജനങ്ങളും മേഖല ഭാരവാഹികളും അതിഭദ്രാസനത്തിലെ സന്യാസ-സന്യാസിനി സമൂഹാംഗങ്ങളും ജാഗരണ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

## ബത്തേരി ഭദ്രാസനം

### ബഹുജനപ്രക്ഷോഭ റാലി






പൊതുജനജീവിതത്തെ അവഗണിക്കുന്നതും ദുരിതപൂർണമാക്കുന്നതുമായ ബഫർ സോൺ പ്രഖ്യാപനം പിൻവലിക്കണമെന്നവശ്യപ്പെട്ട് ബത്തേരി ഭദ്രാസനം സംഘടിപ്പിച്ച ബഹുജനപ്രക്ഷോഭ റാലിയിൽ ബത്തേരി ഭദ്രാസനത്തിലെ യുവജനങ്ങൾ പങ്കെടുത്തു. മൃഗത്തെയും കാടിനെയും സംരക്ഷിക്കണം എന്നതിന്റെ പേരിൽ പൊതുജനജീവിതം ദുരിതപൂർണമാക്കുന്നത് ഒരു കാരണവശാലും അംഗീകരിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ തന്നെ ബഫർസോൺ നടപടിയിൽ നിന്നും സർക്കാർ സംവിധാനങ്ങൾ പിൻവാങ്ങണമെന്നും കർഷകന് വേണ്ട പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്നും ഭദ്രാസന സമിതി ആവശ്യപ്പെട്ടു.

## പത്തനംതിട്ട ഭദ്രാസനം

### പരിസ്ഥിതിദിനാഘോഷം



എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി കോന്നി കൃഷി ഭവനിൽ വച്ച് പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിച്ചു. കോന്നി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് റോജി എബ്രഹാം പ്രസ്തുത പരിസ്ഥിതി ദിനാഘോഷം ഉദ്ഘാടനം ചെയ്തു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് അധ്യക്ഷത വഹിച്ചു. വൃക്ഷത്തൈ നടീലും കൃഷി ഭവൻ വൃത്തിയാക്കലും പ്രസ്തുത പരിസ്ഥിതി ദിനചാരണത്തിന്റെ ഭാഗമായി നടത്തപ്പെട്ടു. എം.സി.വൈ.എം. ഭദ്രാസന ഡയറക്ടർ റവ. ഫാ. ജോബ് പതാലിൽ, സിസ്റ്റർ ഹൃദ്യ SIC, റല്ലു പി. രാജു, ബിബിൻ എബ്രഹാം, ലിജോ ഫിലിപ്പ്, വിശാഖ് വി. എൽ., അലീന ജോസഫ്, ജിഷ, ആൽബി ഷോജി എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

### മലങ്കരയുടെ യുവത്വം മലയോര ജനതയോടൊപ്പം

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ പത്തനംതിട്ട ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ മലയോര ജനതയുടെ ജീവിതത്തെ വെല്ലുവിളിയായി മാറ്റപ്പെടുന്ന പരിസ്ഥിതിലോല കരിനിയമങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പത്തനംതിട്ട കളക്ടറേറ്റ് കേന്ദ്രീകരിച്ച് ഉപവാസ ധർണ്ണയും ബഹുജന പ്രക്ഷോഭ റാലിയും സംഘടിപ്പിച്ചു.

പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ നിന്ന് ഉപവാസ-ധർണ്ണ വേദിയായ പത്തനംതിട്ട കളക്ടറേറ്റ് ലക്ഷ്യമാക്കി വായ് മൂടിക്കെട്ടിക്കൊണ്ട് നൂറുകണക്കിന് യുവജനങ്ങളുടെ പങ്കാളിത്തത്തോടെ മൗന ജാഥയായി പ്രസ്തുത പ്രതിഷേധ പരിപാടികൾ ആരംഭിച്ചു. സമരയൗവനത്തിന്റെ വേദിയായ പത്തനംതിട്ട കളക്ടറേറ്റി മൗനജാഥ എത്തിച്ചേർന്നപ്പോൾ എം.സി.വൈ.എം. സഭാതല സമിതിയുടെ ഡയറക്ടർ റവ. ഫാ. എബ്രഹാം മേപ്പുറത്ത് ഉപവാസധർണ്ണ ഉദ്ഘാടനം




ചെയ്തു. ബഫർ സോൺ പ്രഖ്യാപനത്തോടെ ആശങ്കയിലായ ഒരു ജനതയോട് നിങ്ങൾ തനിച്ചല്ല ഞങ്ങളുണ്ട് കൂടെ എന്ന് ഉറക്കെ പ്രഖ്യാപിച്ചു കൊണ്ട് എം.സി.വൈ.എം. ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ്, പത്തനംതിട്ടഭദ്രാസന പാസറ്ററൽ കൗൺസിൽ സെക്രട്ടറി സണ്ണി മാത്യു, നിരവധി വൈദിക ശ്രേഷ്ഠർ, സിസ്റ്റേഴ്സ് യുവജന നേതാക്കന്മാർ തുടങ്ങിയവർ ഉപവാസം അനുഷ്ഠിച്ചു. സമരവേദിയിൽ ആവേശമായി ഉപവാസം അനുഷ്ഠിച്ച സമരാർഥികളെ പത്തനംതിട്ട ഭദ്രാസന ചാൻസിലർ വെരി. റവ. ഫാ. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ എം.സി.വൈ.എം. ഹാരം അണിയിച്ചുകൊണ്ട് സമരവേദിയിലേക്ക് സ്വീകരിച്ചു. പ്രസ്തുത സമരത്തിന് ആവേശമായി പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം അഭിസംബോധന ചെയ്ത് സംസാരിച്ചു. വൈകുന്നേരം നടന്ന ബഹുജനപ്രക്ഷോഭ റാലി സി.ബി.സി.ഐ. വൈസ് പ്രസിഡന്റും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷനുമായ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. തുടർന്ന് കെ.സി.ബി.സിയുടെ സെക്രട്ടറി ജനറലും ബത്തേരി ഭദ്രാസനാദ്ധ്യക്ഷനുമായ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ് മുഖ്യസന്ദേശം നൽകി സമരവേദിയിൽ പ്രസംഗിച്ചു.

പത്തനംതിട്ട ജില്ലയെ പ്രതിഷേധത്തിന്റെ കടലാക്കി മാറ്റിക്കൊണ്ട് ആയിരക്കണക്കിന് വിശ്വാസികൾ നടത്തിയ ബഹുജനപ്രക്ഷോഭ റാലി പത്തനംതിട്ട സെൻട്രൽ ജംഗ്ഷനിൽ എത്തിചേർന്നപ്പോൾ കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് സമാപന സന്ദേശം നൽകി. തുടർന്ന് ഉപവാസ സമരം അവസാനിപ്പിച്ചു എന്ന പ്രഖ്യാപനം നടത്തിക്കൊണ്ട് ജനത്തെ അഭിസംബോധന ചെയ്ത് പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി സംസാരിച്ചു. രാവിലെ മുതൽ പത്തനംതിട്ട കളക്ടറേറ്റ് കേന്ദ്രീകരിച്ച് നടത്തപ്പെടുന്ന ഉപവാസ സമരവേദിയിൽ പത്തനംതിട്ട ഭദ്രാസന മുഖ്യവികാരി ജനറാൾ മോൺസിഞ്ഞോർ റവ. ഡോ. ഷാജി മാണികുളം, എം.സി. വൈ. എം. ഭദ്രാസന ഡയറക്ടർ റവ. ഫാ. ജോബ് പതാലിൽ, ഭദ്രാസനത്തിലെ വിവിധ വൈദിക ജില്ലാ വികാരിയച്ചന്മാർ, എം.സി.വൈ.എം. ജില്ലാ ഡയറക്ടറച്ചന്മാർ, എസ്.എം.വൈ.എം. പത്തനംതിട്ട-റാന്നി ഫൊറോനോ ഡയറക്ടർ തോമസ് അച്ചൻ, മറ്റ് വൈദിക ശ്രേഷ്ഠർ, എം.സി.വൈ.എം. ഭദ്രാസന ആനിമേറ്റർ സിസ്റ്റർ ഹൃദ്യ S.I.C., വൈദിക ജില്ലാ സിസ്റ്റർ ആനിമേറ്റർമാർ, ഭദ്രാസനത്തിലെ വിവിധ ഭക്തസംഘടനകളുടെ പ്രതിനിധികൾ, എം.സി.വൈ.എം. മുൻകാല നേതാക്കന്മാർ, കെ.സി.വൈ.എം. സംസ്ഥാന ട്രഷറർ ലിനു വി. ഡേവിഡ്, എം .സി. വൈ.എം. സഭാതല സമതിയുടെ ജനറൽ സെക്രട്ടറി സുബിൻ തോമസ്, കിഫാ സംഘടനയുടെ പ്രതിനിധികൾ, വിവിധ വൈദിക ജില്ലകളിലെ പ്രസിഡന്റ്മാർ, സെക്രട്ടറിമാർ, വൈദിക ജില്ലാ ഭാരവാഹികൾ, യൂണിറ്റ്തല നേതാക്കന്മാർ, യുവജന-അത്മായ പ്രധിനിധികൾ തുടങ്ങിയവർ അഭിവാദ്യം അർപ്പിച്ചു കൊണ്ട് സംസാരിച്ചു.




## ലഹരി വിരുദ്ധ ദിനാചരണം

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെയും പത്തനംതിട്ട ഭദ്രാസനത്തിന്റെ മദ്യവിരുദ്ധ സമിതിയായ മുക്തിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ലോക ലഹരിവിരുദ്ധ ദിനത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ ദിനാചരണവും കൂട്ടയോട്ടവും സംഘടിപ്പിച്ചു. പ്രസ്തുത പരിപാടികൾക്ക് എം.സി.വൈ.എം.

www.malankaralibrary.com



ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് അധ്യക്ഷത വഹിച്ചു. കോന്നി എസ്.ഐ. സജു എബ്രഹാം ലഹരിവിരുദ്ധ ദിന ബോധവത്കരണ ക്ലാസ്സ് നടത്തി. റവ. ഫാ. സ്കറിയ പതാലിൽ, വെരി. റവ. ഫാ ദാനിയേൽ കുഴിതടത്തിൽ കോർ എപ്പിസ്കോപ്പ, റവ. ഫാ. തോമസ് നെടുംമാംകുഴി, റവ. ഫാ. ബ്ലെസ്സൺ ഒ. ഐ. സി., റവ. ഫാ. മാത്യു പരുമുട്ടിൽ, മുൻ ഡെപ്യൂട്ടി കളക്ടർ രാജൻ വി. ടി., ബിബിൻ എബ്രഹാം, ലിജോ ഫിലിപ്പ്, ജിതിൻ വിനോദ്, സിസ്റ്റർ ഷാരോൺ, ജിഷാ ജോസ്, ആൽബി ഷോജി എന്നിവർ പ്രസംഗിച്ചു. കുളനട മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ നിന്ന് പന്തളം മലങ്കര കത്തോലിക്കാ ദൈവാലയത്തിലേക്കാണ് ലഹരി വിരുദ്ധ സന്ദേശവുമായി കൂട്ടയോട്ടം സംഘടിപ്പിച്ചത്.

## ഭദ്രാസന വിസിറ്റ്



എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ 2022 ജൂൺ 11-ാം തീയതി എം.സി. വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയെ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ എന്നിവരുടെ നേതൃത്വത്തിൽ എം.സി.വൈ.എം. സഭാതല സമിതിയെ പത്തനംതിട്ട ഭദ്രാസനത്തിലേക്ക് ഹൃദ്യമായി സ്വാഗതം ചെയ്തു. പ്രസ്തുത സന്ദർശന വേളയിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ 2022-2023 വർഷത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സഭാതല പ്രസിഡന്റ് ഏയ്ഞ്ചൽ മേരിയുടെ നേതൃത്വത്തിലുള്ള സംഘത്തെ അറിയിക്കുകയും ഭദ്രാസന-സഭാതല സമിതികളുടെ തുടർപ്രവർത്തനങ്ങളും ചർച്ച ചെയ്തു. സഭാതല ഡയറക്ടർ റവ. ഫാ. എബ്രഹാം മേപ്പുറത്ത് പ്രസ്തുത സന്ദർശനം ഉദ്ഘാടനം ചെയ്തു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് അധ്യക്ഷത വഹിച്ചു.

# പാറശ്ശാല ഭദ്രാസനം

## അസ്സീസിയൻ വനിക



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഈ വർഷത്തെ പരിസ്ഥിതി ദിനാഘോഷം നടത്തപ്പെട്ടു. 2022 ജൂൺ 11 ശനിയാഴ്ച ചെമ്പൂർ വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ പന്ത യൂണിറ്റിൽ വച്ച് നടന്ന പരിസ്ഥിതി ദിനാഘോഷം ചെമ്പൂർ വൈദികജില്ലാ വികാരി ബഹു. ഫാ. സാജൻ പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു. ഭദ്രാസന പ്രസിഡന്റ് ശരത് ലാലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, ജില്ലാ ഡയറക്ടർ ഫാ. ജോർജ്ജ് കുരയ്കോട്ടിൽ, ജില്ലാ പ്രസിഡന്റ് റെജി രാജ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

പ്രകൃതിയെ കുറിച്ച് കൂടുതൽ അറിയുവാൻ യുവജനങ്ങൾ ഒരുമിച്ചു നെയ്യാർഡാമിന് അടുത്തുള്ള കാഞ്ചിമൂട് വനമേഖല സന്ദർശിച്ചു. പുതുമ നിറഞ്ഞ കളികളും നൃത്തച്ചുവടുകളുമായി യുവജനങ്ങൾ പരിസ്ഥിതി ദിനാഘോഷ വേദി ഏറെ മനോഹരമാക്കി. ഫാ. വിമൽ വിൻസെന്റ്, ഫാ. മാത്യു വെട്ടിയോടിതടത്തിൽ, ഫാ. സേവ്യർ കോണത്തുവിള, ഫാ. ബോസ്കോ മോഹൻ, ഫാ. ജോസ് പാറയിൽകട, ഫാ. ജീമോൻ കുന്നിൻപുറത്ത്, ഭദ്രാസന ആനിമേറ്റർ സിസ്റ്റർ സീനാ ജോൺ എന്നിവർ സന്നിഹിതരായിരുന്നു.